14 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യമായി നിർബന്ധിത വിദ്യാഭ്യാസം നൽകാൻ പദ്ധതി

*2 [838] ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. സി. കെ. നാണു:
„ കെ. പി. മോഹനൻ:
„ എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യമായി നിർബന്ധിത വിദ്യാഭ്യാസം നൽകുമെന്ന ഭരണഘടനാപരമായുള്ള ചുമതല നിറവേറ്റാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) വിദ്യാഭ്യാസ വകുപ്പിന് ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ എത്ര ശതമാനം തുക വകയിരുത്തിയിട്ടുണ്ട്; അതിൽ എത്ര ശതമാനം 14 വയസ്സ് വരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിന് വകയിരുത്തി എന്ന് വ്യക്തമാക്കാമോ;

(സി) 14 വയസ്സുവരെയുള്ള കുട്ടികളിൽ ഏതെല്ലാം മേഖലയിലുള്ള വിദ്യാർത്ഥികൾക്കാണ് വിദ്യാഭ്യാസം ലഭിക്കാത്തത് എന്ന് വല്ല പഠനവും നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) ഇത് പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കു വേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ,

(എ) 1. സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ വിദ്യാഭ്യാസമാണ് നൽകി വരുന്നത്. ഇക്കാര്യം വിദ്യാഭ്യാസ നിയമത്തിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

2. ഒന്നാം ക്ലാസ്സിൽ ചേരുന്ന എല്ലാ കുട്ടികൾക്കും സൗജന്യമായി പാഠപുസ്തകങ്ങളും സ്ലേറ്റും സ്ലേറ്റു പെൻസിലുകളും നൽകിവരുന്നു.

3. ജാതിയുടേയും മതത്തിന്റേയും അടിസ്ഥാനത്തിൽ ഒരു കുട്ടിക്കും പ്രവേശനം നിഷേധിക്കരുതെന്ന് കെ. ഇ. ആർ.-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

4. സാമൂഹികമായി പിന്നോക്കം നിൽക്കുന്ന ചില വിഭാഗത്തിൽപ്പെട്ട നാടാർ, ആഗ്ലോ ഇന്ത്യൻസ്, മുസ്ലിം തുടങ്ങിയ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കും സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്.

5. ഉച്ചഭക്ഷണം ആവശ്യമായ എല്ലാ കുട്ടികൾക്കും അപ്പർ പ്രൈമറിതലം വരെ സൗജന്യമായി ഉച്ചഭക്ഷണം നൽകുന്നതിനുള്ള സ്കീം വളരെ കാലമായി ഗവൺമെന്റ് നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

6. എസ്. എസ്. എ. പദ്ധതിയിൻകീഴിൽ ബദൽ സ്കൂളുകൾ വഴി 5 മുതൽ 14 വയസ്സ് വരെയുള്ള കുട്ടികൾക്ക് ബദൽ വിദ്യാഭ്യാസം നൽകിവരുന്നു.

(ബി) ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് തുകയായ 2,17,079.2 കോടി രൂപയിൽ പ്രൈമറി വിദ്യാഭ്യാസത്തിനും സെക്കന്ററി വിദ്യാഭ്യാസത്തിനും കൂടി 2212.77 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് സംസ്ഥാന ബഡ്ജറ്റിന്റെ 10.19 ശതമാനമാണ്.

(സി) വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ പഠനമൊന്നും നടത്തിയിട്ടില്ല. എന്നാൽ ഡി. പി. ഇ. പി. ജില്ലകളിൽ വളരെ മുൻപ് വീടുവീടാന്തരം കയറി സ്കൂൾ വിദ്യാഭ്യാസം ലഭിക്കാത്ത കുട്ടികളുടെ കണക്കെടുത്തിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ടി ജില്ലകളിൽ ബദൽ വിദ്യാലയങ്ങൾ സ്ഥാപിച്ചത്. എസ്. എസ്. എ. പദ്ധതിയിലും ഇത്തരം സർവ്വേ നടത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ബദൽ വിദ്യാലയങ്ങൾ തുടങ്ങാൻ നടപടി ആയിട്ടുണ്ട്.

(ഡി) എസ്. എസ്. എ. പദ്ധതിയുടെ ഭാഗമായി റെയിൽവെ പ്ലാറ്റ്ഫോമിൽ പണിയെടുക്കുന്ന കുട്ടിത്തൊഴിലാളികൾ, തെരുവ് കുട്ടികൾ, വഴിയോരങ്ങളിൽ പണിയെടുക്കുന്ന കുട്ടികൾ, ഇത്തരക്കാർക്കായി റസിഡൻഷ്യൽ ക്യാമ്പുകളോ ബ്രിഡ്ജ് കോഴ്സുകളോ നടത്തും. നഗരങ്ങളിലെ അനാഥരായ കുട്ടികൾക്കായി ഹാഫ്വേ ഹോമുകൾ, ഷോർട്ട് സ്റ്റേ ഹോമുകൾ, താൽക്കാലിക വാസസ്ഥലങ്ങൾ എന്നിവ സംഘടിപ്പിച്ച് അവരെ പഠിപ്പിച്ച് ഔപചാരിക പരീക്ഷകൾ എഴുതിപ്പിച്ച് പൊതുധാരയിൽ കൊണ്ടുവരും. അതുപോലെ പാറമട, ഓട്ടുകമ്പനികൾ, നഗരചന്തകൾ എന്നിവിടങ്ങളിൽ പണിയെടുക്കുന്ന കുട്ടിത്തൊഴിലാളികൾക്കായി പ്രത്യേകം ബദൽ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതാണ്.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയിൽ സൗജന്യമായ വിദ്യാഭ്യാസമാണ് നൽകിവരുന്നതെന്ന് പറയുകയുണ്ടായി. എന്നാൽ ഈ അടുത്ത കാലത്തായി സ്ക്കൂളുകളിൽ കമ്പ്യൂട്ടർ പഠനത്തിന് എന്നു പറഞ്ഞ് മാസംതോറും 25 രൂപ, ഒരു വർഷം 250 രൂപ ഫീസ് ഈടാക്കുന്നു. അതുപോലെ എസ്. എസ്. എൽ. സി. പരീക്ഷാ ഫീസായി 90 രൂപ ഈടാക്കുന്നു. എസ്. എസ്. എൽ. സി. ബുക്കിന് എന്നു പറഞ്ഞ് 30 രൂപ ഫീസ് ഈടാക്കുന്നു. സൗജന്യ വിദ്യാഭ്യാസം എന്നുള്ള സങ്കൽപ്പം തന്നെ അട്ടിമറിക്കാൻ ആസൂത്രിതമായ നീക്കം വിദ്യാഭ്യാസ വകുപ്പിന്റേയും ഗവൺമെന്റിന്റേയും ചില തലങ്ങളിലൂടെ നടന്നു കൊണ്ടിരിക്കുകയാണ്. ഇത് അവസാനിപ്പിക്കാനും പഴയതുപോലെ സമ്പൂർണ്ണമായും സൗജന്യ സ്കൂൾ വിദ്യാഭ്യാസം പുനഃസ്ഥാപിക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: 14 വയസ്സ് വരെ സൗജന്യ വിദ്യാഭ്യാസം എന്നുള്ള കൺസെപ്റ്റിൽ വെള്ളം ചേർക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. കമ്പ്യൂട്ടറിന് 25 രൂപ ഫീസ് ഏർപ്പെടുത്തിയത്പോലും 8-ാം ക്ലാസ്സിൽ വേണോ 9-ഉം, 10-ഉം ക്ലാസ്സിൽ പോരേ എന്നുള്ള നിലയിൽ ഗവൺമെന്റ് ആലോചിച്ച് വരികയാണ്. അതുപോലെ അതാത് കാലങ്ങളിൽ ഇങ്ങനെ ചെറിയ ഫീസൊക്കെ വന്നിട്ടുള്ളതുപോലും നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഡിബേറ്റ് ചെയ്യുകയാണ്. അതുകൊണ്ട് കൂടുതൽ ഫീസ് 14 വയസ്സ് വരെയുള്ള ഘട്ടത്തിൽ കൊണ്ടുവരാനും അത് അട്ടിമറിക്കാനുമുള്ള ഒരു സമീപനം ഗവൺമെന്റിനില്ല. അത് ഞാൻ നിഷേധിക്കുകയാണ്.

ഡോ. എ. നീലലോഹിതദാസൻ നാടാർ: ആദിവാസി മേഖലയിലും ആദിവാസികളെപോലെതന്നെ ഗോത്രസ്വഭാവത്തിലെ ജനങ്ങൾ അധിവസിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിലും 14 വയസ്സിന് താഴെയുള്ള കുട്ടികളുടെ നിർബന്ധവും സൗജന്യമായ വിദ്യാഭ്യാസ പദ്ധതി വിജയിപ്പിക്കുന്നതിന് വേണ്ടി പ്രത്യേക ശ്രദ്ധ ചെലുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്താണ്; അല്ലെങ്കിൽ അതിന് വേണ്ടിയുള്ള പ്രത്യേക നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇപ്പോൾതന്നെ അതിന് നടപടികളുണ്ട്. ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ സൗകര്യത്തിന്, അതുപോലെ പട്ടിക ജാതിക്കാർക്ക് വേണ്ടിയും റസിഡൻഷ്യൽ സ്കൂൾ, പാഠപുസ്തകങ്ങൾ, ലംപ്സംഗ്രാന്റ് തുടങ്ങിയ നടപടികളുണ്ട്. മറ്റ് കാര്യങ്ങൾ ശ്രദ്ധിക്കാം.

ശ്രീ. സി. കെ. നാണു: സർ, കഴിഞ്ഞ രണ്ട് വർഷത്തിനിടയ്ക്ക് സംസ്ഥാനത്ത് എത്ര പ്രൈമറി ലെവലിലുള്ള വിദ്യാലയങ്ങൾ അടച്ചുപൂട്ടിയെന്നും പുതിയതായി എത്ര വിദ്യാലയങ്ങൾ ആരംഭിച്ചുവെന്നും വ്യക്തമാക്കുമോ?

മി. സ്പീക്കർ: അതെങ്ങനെയാണ് ഇതിൽ വരുന്നത്?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇതിൽ വരുന്നതല്ല. പ്രത്യേക നോട്ടീസ് തന്നാൽ ഉത്തരം പറയാം.

മി. സ്പീക്കർ: എല്ലാ കുട്ടികളും 14 വയസ്സിന് താഴെയാണല്ലോ.

ശ്രീ. സി. കെ. നാണു: ഞാൻ പറഞ്ഞത്, എന്റെ ചോദ്യം കഴിഞ്ഞ 2 കൊല്ലത്തിനിടയ്ക്ക് കേരളത്തിൽ എൽ. പി. സ്കൂൾ അടച്ചതുണ്ട്, യു. പി. സ്കൂൾ അടച്ചതുണ്ട്. ഈ ചോദ്യവുമായി 100 ശതമാനവും ബന്ധപ്പെട്ടതാണ്.

മി. സ്പീക്കർ: ഇല്ല. ഇല്ല. ഇത് 14 വയസ്സിന് താഴെയുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ച ചോദ്യമാണ്. എല്ലാ കുട്ടികളും 14 വയസ്സിന് താഴെയുള്ളവരാണ്. അതുകൊണ്ട് എല്ലാ കുട്ടികളുടേയും ചോദ്യം ഇതിൽ വരുന്നില്ല. 14 വയസ്സിന് താഴെയുള്ള കുട്ടികൾക്കുള്ള സൗജന്യ വിദ്യാഭ്യാസമാണിത്.

ശ്രീ. സി. കെ. നാണു: ഞാൻ പറയുന്നത്, എൽ. പി., യു. പി. സ്കൂൾ വിഭാഗത്തിൽ 14 വയസ്സ്വരെയുള്ളവരാണല്ലോ. ഈ സ്കൂളുകൾ അടച്ചതിനെ സംബന്ധിച്ചാണ് ഞാൻ ചോദിച്ചത്. അതിന് പകരമായി വേറെ എവിടെയെങ്കിലും വല്ല സ്കൂളുകളും തുറന്നിട്ടുണ്ടോ എന്നാണ് ഞാൻ ചോദിച്ചത്.

മി. സ്പീക്കർ: സൗജന്യ വിദ്യാഭ്യാസം അല്ല ഇത്. മന്ത്രി മറുപടി പറയുന്നെങ്കിൽ പറയട്ടെ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: എത്ര സ്കൂളുകൾ അടച്ചു പകരം എത്ര സ്കൂളുകൾ തുറന്നുവെന്നാണ് അങ്ങയുടെ ഉദ്ദേശ്യം. എത്ര സ്കൂളുകൾ ഈ രണ്ടു കൊല്ലത്തിനിടയിൽ പൂട്ടിപ്പോയിട്ടുണ്ടാകും. അതുപോലെതന്നെ എത്രയെണ്ണം വന്നിട്ടുണ്ടാവും എന്നുള്ളത് സദുദ്ദേശമാണ്. അത് പ്രത്യേകം നോട്ടീസ് തന്നാൽ കൃത്യമായി അങ്ങേയ്ക്ക് വിവരം തരാം.

ശ്രീ. സി. കെ. നാണു: സർ, ത്രിതല പഞ്ചായത്തുകൾക്ക് എൽ. പി., യു. പി. സ്കൂളുകൾ ഏൽപ്പിച്ചു കൊടുക്കുന്നതിന്റെ ഫലമായി ഈ പഞ്ചായത്തുകൾക്ക് സ്കൂളുകളുടെ ഭൗതിക സാഹചര്യം.....

മി. സ്പീക്കർ: മെയിൻ ചോദ്യത്തിൽ ഒതുങ്ങി ചോദിക്കു മിസ്റ്റർ നാണു. ഇത് 14 വയസിന് താഴെയുള്ള കുട്ടികൾക്കുള്ള സൗജന്യ വിദ്യാഭ്യാസമാണ് വിഷയം. സ്കൂളുകളുടെ എല്ലാ കാര്യങ്ങളും ചോദിച്ചാൽ ഇന്നിപ്പോൾ എത്ര പേർ ചോദിച്ചാലും തീരില്ല.

ശ്രീ. സി. കെ. നാണു: സർ, എനിക്കറിയേണ്ടത് സൗജന്യ വിദ്യാഭ്യാസത്തിന്റെ ഭാഗമായി 14 വയസ്സ് വരെയുള്ള കുട്ടികൾക്ക് പാഠപുസ്തകം, യൂണിഫോം, ഭക്ഷണം അവരുടെ ആരോഗ്യപരമായ, രാവിലെ മുതൽ വൈകുന്നേരം വരെ ക്ലാസ്സിൽ ഇരുന്നു പഠിക്കാൻ ആവശ്യമായ ആരോഗ്യ സംരക്ഷണത്തിനാവശ്യമായ മരുന്നുകളടക്കം ഈ പാവപ്പെട്ടവരുടെ കുട്ടികൾക്ക് എന്തെല്ലാം സൗകര്യങ്ങൾ 93-ാം ഭരണഘടനാഭേദഗതി വന്നശേഷം ഏതെല്ലാം സൗകര്യങ്ങൾ ചെയ്തുവെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, 14 വയസ്സുവരെയുള്ള കുട്ടികൾക്ക് ഗവൺമെന്റ് ചെയ്യുന്ന സൗജന്യമാണ് ഞാൻ മെയിൻ ആൻസറിൽ വിശദമായിട്ട് പറഞ്ഞത്. ഇപ്പോൾ ഉച്ചഭക്ഷണം നല്ല നിലയിൽ നടത്തി വരുന്നുണ്ട്. വേറെ സ്കൂളുകളിൽ മറ്റ് സൗജന്യങ്ങളില്ല. ഞാൻ വിശദമായിട്ട് ഇതിന്റെ മെയിൻ ആൻസറിൽ പറഞ്ഞിട്ടുണ്ട്. നേരത്തെ ചോദിച്ച ചോദ്യത്തിന് 48 സ്കൂളുകളാണ് ഇതിനകം ക്ലോസ് ചെയ്തത്. അതിന് പകരം എയ്ഡഡ് സ്കൂളുകൾ നമ്മൾ തുടങ്ങിയിട്ടില്ല.

ശ്രീ. കെ. പി. മോഹനൻ: സർ, 1950-ൽ ഇന്ത്യൻ ഭരണഘടന അംഗീകരിക്കുമ്പോൾ നൽകിയ വാഗ്ദാനമാണ് 14 വയസ്സുവരെ അല്ലെങ്കിൽ 10-ാം തരം വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യ വിദ്യാഭ്യാസമെന്നത്. അങ്ങ് നൽകിയ മറുപടിയിൽ പറഞ്ഞു വിദ്യാർത്ഥികൾക്ക് സൗജന്യമായ വിദ്യാഭ്യാസമാണ് നൽകി വരുന്നതെന്ന്. അതു ശരിയല്ല. ഇവിടെ 5, 6, 7, ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് 15 രൂപയും 8, 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് 25 രൂപയും ഫീസ് ഈടാക്കി വരുന്നുണ്ട്. ഇത് മുഴുവനായി നിർത്തലാക്കാൻ ബഹുമാനപ്പെട്ട മന്ത്രി നടപടിയെടുക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അത് കാലാകാലങ്ങളിൽ ഞാൻ നേരത്തെ പറഞ്ഞത്പോലെതന്നെ ഇങ്ങനെ ഉണ്ടെങ്കിലും പിന്നീട് അത് മൗലീകാവകാശമാക്കി വരികയും 14 വയസ്സുവരെയുള്ളത് നിർബന്ധ വിദ്യാഭ്യാസം സൗജന്യമായിട്ട് സ്റ്റേറ്റിന്റെ കടമയാണെന്ന നിലയ്ക്കൊക്കെ വന്നത്. അതുകൊണ്ട് ഇപ്പോൾ ആ ഒരു

LIBRARY ARCHIVES Kerala Legislative Assembly

കൺസപ്റ്റിലാണ് എല്ലാ അപ്രോച്ചും. ഇങ്ങനെ നയം ഇല്ലാതെ നടക്കുന്നുണ്ടോ, ഇല്ലെങ്കിൽ പ്രത്യേകമായിട്ട് ഉണ്ടോ, ഏത് വേണമെങ്കിലും നമുക്ക് പരിശോധിക്കാം.

ശ്രീ. കെ. പി. മോഹനൻ: സർ, 1957-ൽ കേരളത്തിൽ മുഴുവനായിട്ടും സൗജന്യ മായ വിദ്യാഭ്യാസം നടപ്പിലാക്കിയത്, ഇന്ന് എസ്. എസ്. എ. യുടെ ഭാഗമായിട്ട് അങ്ങ് പറഞ്ഞ ബദൽ വിദ്യാഭ്യാസം, സ്കൂളുകൾ വഴി 5 മുതൽ 14 വരെയുള്ള കുട്ടികൾക്ക് നൽകിവരുന്നുവെന്ന്. എന്താണ് ബദൽ വിദ്യാലയങ്ങൾ എന്ന് വിശദീകരിക്കാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇത് കേന്ദ്ര ഗവൺമെന്റ് അസിസ്റ്റ് ചെയ്യുന്ന ഒരു പദ്ധതിയാണ്. ഈ പദ്ധതി എന്നു പറയുന്നത് റെഗുലറായിട്ട് അല്ലാതെ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ വളരെ വീക്കായിട്ടുള്ള കാറ്റഗറിയിൽ വരുന്ന, നേരത്തെ ഞാൻ കുറെ കാറ്റഗറി പറഞ്ഞല്ലോ, കുട്ടിത്തൊഴിലാളികൾ, യാതൊരു ആശ്രയവുമില്ലാതെ പാറമടയിൽ പണിയെടുക്കുന്നവർ, ഓട്ടു കമ്പനികളിൽ പണിയെ ടുക്കുന്നവർ, തെരുവിൽ നടക്കുന്നവർ, ചന്തയിൽ പണിയെടുക്കുന്നവർ എല്ലാവർക്കും സൗജന്യ വിദ്യാഭ്യാസം ലഭിക്കണം. എല്ലാവരുടെയും മൗലീകാവകാശമാണ് വിദ്യാഭ്യാസ മെന്നുള്ളതുകൊണ്ട് ഇത്തരത്തിൽ റെഗുലർ ക്ലാസ്സുകൾ അറ്റന്റ് ചെയ്യാത്ത ആളു കൾക്ക് പകരമായുള്ള സ്കീമാണ് ആ പദ്ധതി. ആ പദ്ധതി വളരെ ഊർജ്ജിതമായിട്ട് നടപ്പിലാക്കുമ്പോൾ ഇങ്ങനെയുള്ള കുട്ടികളെ കൊണ്ടുവന്നു അവർക്ക് ആൾട്ടർനേറ്റീവ് എഡ്യൂക്കേഷൻ കൊടുക്കുക എന്നുള്ള കൺസെപ്റ്റാണ്. ആ ഒരു സ്കീമാണ് എസ്. എസ്. എ. പദ്ധതി. അതിന്റെ നടത്തിപ്പ് പൂർണ്ണമായിട്ട് വരുമ്പോൾ നമ്മുടെ സംസ്ഥാനത്ത് മറ്റ് സംസ്ഥാനങ്ങളിൽ ഉള്ളതിനേക്കാൾ പ്രയോജനമുണ്ടാകും. നമ്മുടെ സംസ്ഥാനത്ത് അത്ര വലിയ ഒരു സോഷ്യൽ പ്രോബ്ലമല്ല ഡ്രോപ്പിംഗ്. അതുപോലെ തന്നെ ബാക്കിയുള്ളതെല്ലാം കുറവാണല്ലോ ഇവിടെ. മാതാപിതാക്കൾ കുട്ടികളെ സ്കൂളിൽ അയയ്ക്കുന്നതിൽ അവബോധമുള്ള ഒരു സ്റ്റേറ്റാണ് നമ്മുടേത്. എന്നിരു ന്നാലും ശരി ഈ രംഗത്ത് ഈ സ്കീം പ്രയോജനപ്പെടുത്താൻ കഴിയുമെന്നാണ് കരു തുന്നത്.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, 1986-ലെ ദേശീയ വിദ്യാഭ്യാസ നയം 14 വയസുവരെയുള്ള സൗജന്യവിദ്യാഭ്യാസ സംരക്ഷണത്തിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1992-ൽ അത് ഭേദഗതി വരുത്തിയപ്പോൾ കുറച്ചുകൂടി വിപുലമായ പദ്ധതി ആവിഷ്ക്കരിച്ചു. നമ്മുടെ സംസ്ഥാനം ഇതിൽ ഏതൊക്കെ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ കേന്ദ്ര ഗവൺമെന്റിന്റെ വല്ല സാമ്പത്തിക സഹായവും നമ്മുടെ സംസ്ഥാന ത്തിന് ലഭിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഓരോ പദ്ധതിയെക്കുറിച്ചുമുള്ള ഡീറ്റെയിൽസ് എന്റെ കയ്യിലില്ല. പ്രത്യേകമായി നോക്കി പറയേണ്ടതാണ്. ഈ പദ്ധ തികളൊക്കെ ഏറ്റവും നന്നായി നടപ്പിലാക്കിയ സ്റ്റേറ്റാണ് കേരളം. കാരണം നമ്മൾ എല്ലാ കാലത്തും പ്രാഥമിക വിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം എന്നിവ വളരെ ശ്രദ്ധിച്ച ഒരു സ്റ്റേറ്റായതുകൊണ്ടാണ് നമുക്ക് സാക്ഷരത നേടാൻ സാധിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഈ സൗജന്യ വിദ്യാഭ്യാസം ലഭിക്കുന്നത് സാമ്പത്തികമായും സാമൂഹികമായും പിന്നോക്ക വിഭാഗക്കാർക്കാണെന്ന് പറയാൻ കഴിയുകയില്ല. കാരണം ആലപ്പുഴ ജില്ലയിൽ 0.53 ശതമാനമാണ് കൊഴിഞ്ഞു പോക്കെങ്കിൽ വയനാട് ജില്ലയിലെ കൊഴിഞ്ഞുപോക്ക് 3.68 ശതമാനമാണ്. ചെറിയ വ്യത്യാസമായിരിക്കാം. വയനാട് പോലുള്ള പിന്നോക്ക പ്രദേശങ്ങളിൽ ഈ കുട്ടികൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് കൊഴിഞ്ഞുപോകുന്നതിന് കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഈ സൗകര്യങ്ങൾ കൊടുത്തുകൊണ്ട് കൊഴിഞ്ഞു പോക്ക് കുറച്ചുകൊണ്ടുവരാനുള്ള എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കുക?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഈ കൊഴിഞ്ഞുപോക്ക് ഒരു കാലത്ത് നമ്മുടെ സ്റ്റേറ്റിന് ഒരു പ്രശ്നമായിരുന്നു. അന്ന് അതിന് പ്രത്യേകമായ പദ്ധതികൾ വച്ച് കൊഴിഞ്ഞുപോക്കിന് എതിരായി അതിനുവേണ്ട ഉദ്യോഗസ്ഥൻമാരെ വച്ച് പ്രവർത്തനം നടത്തിയിട്ടുണ്ട്. ഇപ്പോൾ കൊഴിഞ്ഞുപോക്ക് അത്ര വലിയ പ്രശ്നമല്ല കേരളത്തിൽ. എന്നാലും ശരി, ഈ പറഞ്ഞതുപോലെ ഏതെങ്കിലും ജില്ലയിൽ മൂന്ന് ശതമാനം എന്നൊക്കെയുള്ള നിലയിൽ ഉണ്ടാകാം. അതിനെതിരായി നമുക്ക് സ്ക്കീമുകളുണ്ട്. അത് ഇനി ആവശ്യമാണെങ്കിൽ നടപടി എടുക്കാം, പുതിയ പദ്ധതികൾ ആലോചിക്കുകയും ചെയ്യാം.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, 14 വയസിന് താഴെയുള്ള എല്ലാവർക്കും വിദ്യാഭ്യാസം എന്ന ഈ ആശയം നടപ്പിലാക്കാൻ ശ്രമിച്ചെങ്കിലും ഗണ്യമായ ഒരു വിഭാഗത്തെ നാം അവഗണിക്കുകയാണ്. വികലാംഗർ, മന്ദബുദ്ധികൾ അങ്ങനെയുള്ള ആളുകളുടെ വിദ്യാഭ്യാസം സർക്കാരിന്റെ ചുമതലയേയല്ല എന്ന മട്ടാണ്. അതുകൊണ്ട് അങ്ങനെയുള്ള സ്പെഷ്യൽ സ്കൂളുകൾ ജില്ലകൾതോറും ആരംഭിക്കുന്നതിന് പ്രൈവറ്റ് മേഖലയിൽ നടക്കുന്ന സ്പെഷ്യൽ സ്കൂളുകളിൽ നല്ല നിലയിൽ നടക്കുന്നവയെ അംഗീകരിച്ച് അവിടുത്തെ അദ്ധ്യാപകൻമാർക്കും അദ്ധ്യാപികമാർക്കും ശമ്പളം നൽകുന്നതിനുള്ള കാര്യത്തെക്കുറിച്ച് ഗൗരവമായി ചിന്തിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, നമ്മൾ പ്രത്യേകം ശ്രദ്ധിക്കുന്ന ഒരു ഏരിയയാണ്. സ്പെഷ്യൽ കോഴ്സും അതുപോലെതന്നെ വികലാംഗർക്കുവേണ്ടി പ്രത്യേക വിദ്യാലയങ്ങളുടെ കാര്യവും അതിൽ എന്തെങ്കിലും എഫിഷ്യൻസി കുറവുണ്ടോ എന്നുള്ളത് ശ്രദ്ധിക്കാം. ഫണ്ടിന്റെ കുറവുകൊണ്ടും പല പ്രശ്നങ്ങളും വരാം എന്നാലും ആ മേഖലയിൽ പ്രത്യേകം ശ്രദ്ധിക്കാം.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, അങ്ങ് ഇവിടെ ശ്രീ. എ. നീലലോഹിതദാസൻ നാടാരുടെ ചോദ്യത്തിന് മറുപടി പറഞ്ഞപ്പോൾ എട്ടാം ക്ലാസ്സ് എടുത്തു പറഞ്ഞു. കമ്പ്യൂട്ടർ പഠനം, എസ്. എസ്. എൽ. സി. പരീക്ഷയുടെ റീവാല്യൂവേഷന്റെ ഫീസ് വർദ്ധിപ്പിച്ചത് അങ്ങനെ ഒരുപാട് അമിതമായ ഫീസുകൾ സാമ്പത്തിക ബാദ്ധ്യത

വന്നുകൊണ്ടിരിക്കുകയാണ്. എട്ടാംക്ലാസ്സ് അങ്ങ് കണക്കാക്കിയത് 14 വയസ്സിന്റേതായിരിക്കാം. സെക്കണ്ടറി തലം വരെ വിദ്യാഭ്യാസം സൗജന്യമാക്കണം, സാർവ്വത്രികമാക്കണമെന്ന കാഴ്ചപ്പാടോടുകൂടി കേരളം ബഹുദൂരം മുന്നോട്ടുപോയതാണ്. അങ്ങ് സൂചിപ്പിച്ചതുപോലെ ഇപ്പോൾ ഭരണഘടനാ ഭേദഗതികൂടി വന്ന സാഹചര്യത്തിൽ അഖിലേന്ത്യാടിസ്ഥാനത്തിൽ ഈ 14 വയസ്സ് അങ്ങ് നിശ്ചയിച്ചതാണ്, സാർവ്വത്രികമാക്കിക്കൊണ്ടിരിക്കുന്ന സൗജന്യം നമുക്ക് സെക്കണ്ടറി തലമെന്ന് കണക്കാക്കി, പൂർണ്ണമായി കമ്പ്യൂട്ടറിന്റേത് ഉൾപ്പെടെയുള്ളത്, ഒഴിവാക്കാൻ സാമ്പത്തിക ബാദ്ധ്യത വരുന്നതാണെങ്കിൽ കൂടി, അത് പൂർണ്ണമായി ഒഴിവാക്കുന്ന തരത്തിലുള്ള തീരുമാനം ഗവൺമെന്റ് എടുക്കുമോ, അതിനുള്ള നടപടിയെങ്കിലും തുടങ്ങി വയ്ക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇതുപോലെ തീരുമാനമെടുക്കുമ്പോൾ നമ്മൾ വളരെ ആലോചിക്കണം. കാരണമെന്താണെന്നു വച്ചാൽ സൗജന്യമെന്നുള്ള കൺസപ്റ്റ് നടപ്പാക്കുവാൻ വേണ്ടി സെക്കണ്ടറി തലം വരെ നമ്മൾ തീരുമാനിക്കുമ്പോൾ വാസ്തവത്തിൽ സിലബസിന്റെ ഭാഗമായി വരുകയും പിന്നെ വളരെ അത്യാവശ്യമായ കമ്പ്യൂട്ടർ പഠനം ഇല്ലാതെ പോകുകയും ചെയ്യുന്ന സ്ഥിതി ഉണ്ടാകുവാൻ പാടില്ല. യൂണിവേഴ്സിറ്റി ബി. എഡ്. സെന്ററുകളുടെ കാര്യം പറഞ്ഞു. അപ്പോൾ ഫീസു കൊടുക്കുവാൻ കഴിവുള്ള ആളുകൾ ഒമ്പതിലും പത്തിലും കൊടുക്കുകയും എല്ലാവർക്കും ലഭ്യമാക്കുകയും ചെയ്യുന്ന വളരെ എഫിഷ്യന്റ് ആയിട്ടുള്ള ഒരു സാഹചര്യമാണ് കമ്പ്യൂട്ടർ പഠനത്തിന്റെ കാര്യത്തിലും വരുന്നത്. മാത്രമല്ല കമ്പ്യൂട്ടർ പഠനത്തിന്റെ കാര്യം ടെക്നോളജി ചെയ്ഞ്ചസ് അനുസരിച്ച് ഒരുപാട് അപ്ഗ്രഡേഷൻ ആവശ്യമായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് നമുക്ക് മറ്റ് സംസ്ഥാനങ്ങളുടെ മാതൃക സ്വീകരിച്ചുകൊണ്ട് ഒമ്പതിലും പത്തിലുമൊക്കെ കമ്പ്യൂട്ടർ പഠനം എന്നുള്ളത് നിർബന്ധമായും വളരെ എഫിഷ്യന്റായി, കേരളത്തിലെ വിദ്യാഭ്യാസ നിലവാരം താഴാതിരിക്കുവാൻ വേണ്ടി നടക്കുന്ന ഒരു സ്കീമാണ് ആവശ്യം. അതുകൊണ്ട് സൗജന്യം എന്നു നാം പറയുമ്പോൾ അതിന്റെ എഫിഷ്യൻസിയെകൂടി ബാധിക്കുമോ എന്നുള്ളത് സീരിയസായി ആലോചിക്കേണ്ടിവരും. എട്ടാം ക്ലാസ് വരെ നിർവ്വാഹമില്ല. ഒമ്പതിലും പത്തിലുമുള്ള കാര്യം നമ്മൾ ആലോചിച്ചു വരുന്നതേയുള്ളൂ. തീർച്ചയായും ഈ ഘടകങ്ങളൊക്കെ മനസ്സിൽവച്ച് സ്കീം ഫൈനലൈസ് ചെയ്യും.

ശ്രീ. എം. മുരളി: സർ, എസ്. എസ്. എ. പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മേഖലയെക്കുറിച്ച് ഇന്ന് ഇവിടെ പറയുകയുണ്ടായി. തെരുവുകുട്ടികൾ ഉൾപ്പെടെയുള്ള കുട്ടികളെ കണ്ടെത്തി ബദൽ സമ്പ്രദായത്തിലേക്ക് കൊണ്ടുവരുന്ന കാര്യം പറഞ്ഞു. അത് പ്രാവർത്തികമാക്കുന്നില്ല. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് സംസ്ഥാന ഗവൺമെന്റ് കുറെ പണം മാറ്റിവച്ചുകൊണ്ടും എസ്. എസ്. എ.-യിൽ കേന്ദ്ര ഗവൺമെന്റ് നൽകുന്ന പണം പൂർണ്ണമായി വിനിയോഗിച്ചുകൊണ്ടും, ഡ്രോപ്പ് ഔട്ട് ഇല്ല എന്ന് അങ്ങ് പറഞ്ഞെങ്കിലും ഡ്രോപ്പ് ഔട്ട്സ് ഉൾപ്പെടെ വിദ്യാലയത്തിന്റെ പടിവാതിൽപോലും കാണാൻ കഴിയാതെ കിടക്കുന്ന കുട്ടികളെ ഉൾപ്പെടെ കണ്ടെത്തി, അത് കണ്ടെത്തണ

മെങ്കിൽ പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും കണ്ടെത്തിക്കൊണ്ട് പ്ലാനിംഗ് ബോർഡുമായിട്ട് ചർച്ച ചെയ്തുകൊണ്ട് കേരള വികസന പദ്ധതിയിലെ ഒരു സ്കീമാക്കി മാറ്റിക്കൊണ്ട് ഈ കുട്ടികളെ മുഴുവൻ സമാഹരിച്ച് അവർക്ക് ബദൽ വിദ്യാഭ്യാസം നൽകാൻ പണം വിനിയോഗിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: എസ്. എസ്. എ. പദ്ധതി 75 ശതമാനവും സെൻട്രൽ ഗ്രാന്റാണ്. അത് നടപ്പിലാക്കുമ്പോൾ നമ്മുടെ സ്റ്റേറ്റിലൊക്കെ ഈ പറഞ്ഞതുപോലെ പാവപ്പെട്ട കുട്ടികളുടെ, നിരാലംബരായ കുട്ടികളുടേയൊക്കെ കാര്യത്തിൽ വളരെ എഫിഷ്യന്റായി നടപ്പിലാക്കുന്ന കാര്യം ഗവൺമെന്റ് വളരെയധികം ശ്രദ്ധിക്കും. കാരണം 75 ശതമാനം സെൻട്രൽ അസിസ്റ്റൻസ് കിട്ടുന്ന ഒരു സ്കീമാണ് എസ്. എസ്. എ. പദ്ധതി. ഡ്രോപ്പൗട്ട് ഇല്ല എന്നു ഞാൻ പറയുന്നില്ല. മറ്റ് സംസ്ഥാനങ്ങളെ താരതമ്യപ്പെടുത്തുമ്പോൾ ഡ്രോപ്പൗട്ട് അത്ര വലിയ മേജർ പ്രോബ്ലമല്ലായെന്നേ ഞാൻ പറഞ്ഞിട്ടുള്ളൂ.

ശ്രീ. കെ. രാധാകൃഷ്ണൻ: നമ്മുടെ സംസ്ഥാനത്ത് ഏകദേശം പതിനയ്യായിരത്തിലധികം ബാലവേലയിൽ ഏർപ്പെട്ട കുട്ടികളുണ്ടെന്ന് നമ്മുടെ ബഹുമാന്യനായ തൊഴിൽ വകുപ്പുമന്ത്രി വെളിപ്പെടുത്തുകയുണ്ടായി. ഈ പതിനയ്യായിരത്തോളം കുട്ടികൾ ബാലവേലയ്ക്ക് നിർബ്ബന്ധിതരാകുന്നത് വീട്ടിലെ സാമ്പത്തിക പ്രയാസവും കഷ്ടപ്പാടും കാരണമാണ്. ഇങ്ങനെ വീട്ടിലെ സാമ്പത്തിക പ്രയാസവും കഷ്ടപ്പാടും പരിഹരിക്കുന്നതിന് ഈ പതിനയ്യായിരത്തോളം വരുന്ന കുട്ടികൾക്ക് ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും കൊടുത്തുകൊണ്ട് അവരെ സ്കൂളുകളിൽ പ്രവേശിപ്പിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: നമ്മുടെ സംസ്ഥാനത്ത് ഈ തരത്തിലുള്ള മാറ്റം ഉദ്ദേശിച്ചുകൊണ്ടുള്ള ഈ പദ്ധതി തന്നെ പ്രശ്ന പരിഹാരത്തിന് കാരണമാകും എന്നാണ് ഗവൺമെന്റ് കരുതുന്നത്. സാമ്പത്തിക പരാധീനതയുള്ള കാലത്ത് വീണ്ടും നമ്മൾ അപ്രായോഗികമായ സ്കീമിലേക്ക് പോകണോ എന്നുള്ളത് സംശയമാണ്.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: നൂറ് വിദ്യാർത്ഥികൾ ഒന്നാം ക്ലാസ്സിൽ ചേരുമ്പോൾ എസ്. എസ്. എൽ.സി. പരീക്ഷ എഴുതുന്നത് കേവലം എൺപതു പേർ മാത്രമാണ്. ഇരുപത് ശതമാനം കുട്ടികൾ ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള ക്ലാസ്സുകൾക്കിടയ്ക്ക് കൊഴിഞ്ഞു പോകുന്നത് ഇന്നും ഒരു യാഥാർത്ഥ്യമാണ്. എൽ. കെ. ജി. മുതൽ പ്രൊഫഷണൽ കോഴ്സുകൾ വരെ ഇംഗ്ലീഷ് മീഡിയത്തിൽ സ്വാശ്രയ മേഖലയിലും മുന്നേറ്റം നടക്കുമ്പോൾ സാമൂഹ്യ സാമ്പത്തിക സന്തുലിതാവസ്ഥ നിലനിറുത്തുവാൻ വേണ്ടി എസ്. എസ്. എ. പദ്ധതികൾ പോലെ അവരെ തിരികെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൊണ്ടുവന്ന് പഠിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

എസ്. എസ്. എ. പദ്ധതി ബാലവേല അംഗീകരിക്കുന്ന ഒരു പദ്ധതിയായിട്ടാണ് കാണാൻ സാധിക്കുക. കുട്ടികൾ പഠിച്ച് കൂട്ടമായി കളിച്ച് മാനുഷികമായി വളരേണ്ട ഒരു കാലഘട്ടത്തിൽ അവരെ കുട്ടി വേലക്കാരാക്കി, തൊഴിലാളികളാക്കി ബാലവേല നിരുത്തലാക്കുന്നതിനു പകരം നടപ്പിലാക്കിക്കൊണ്ട് അവരെ പഠിപ്പിക്കുവാൻ നോക്കുന്ന രീതി ശരിയല്ല. അതിനുവേണ്ടി വിനിയോഗിക്കപ്പെടുന്ന പണം അവരുടെ സാമൂഹിക സാമ്പത്തിക ആവശ്യങ്ങൾക്ക് വീട്ടുകാരെ സഹായിക്കുവാനായിട്ട് കൊടുത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തന്നെ തിരിച്ചു കൊണ്ടു പോകുവാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:</u> ഡ്രോപ്പൗട്ട് ഞാൻ നേരത്തെ പറഞ്ഞത് പോലെ തന്നെ drastic ആയിട്ട് കുറച്ചുകൊണ്ടിരിക്കുകയാണ് എന്നുള്ളതാണ് കണക്ക്. കഷ്ടപ്പെടുന്ന സാഹചര്യം കൊണ്ട് ചെറുപ്പത്തിൽ തന്നെ ഇങ്ങനെ ജോലി ചെയ്യേണ്ടി വരുന്ന കുട്ടികളെ സംബന്ധിച്ച് ദേശീയ അടിസ്ഥാനത്തിൽ തന്നെ വന്നിരിക്കുന്ന അവബോധമാണ്, ആ ഒരു മാനസിക സമീപനമാണ് ഈ പദ്ധതിയുടെ രൂപീകരണത്തിനുതന്നെ ഇടയാക്കിയിരിക്കുന്നത്. നമുക്ക് ഇത് നടപ്പിലാക്കി നോക്കാം. എന്നിട്ട് പരിഹാരം ഉണ്ടാക്കാം.

<u>ഡോ. കെ. സി. ജോസഫ്:</u> സൗജന്യ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി പല പദ്ധതികളും നടത്തുന്നതിനെക്കുറിച്ച് പറഞ്ഞു. നടപ്പിലാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള എന്തെങ്കിലും നിരീക്ഷണത്തിനുള്ള സംവിധാനമുണ്ടോ? ഉദാഹരണമായി കഴിഞ്ഞ സാമ്പത്തികവർഷം പട്ടികജാതിക്കാർക്കുള്ള പുസ്തകങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയിൽ മാത്രം ഏതാണ്ട് ആറുകോടിയോളം രൂപ ലാപ്സായി എന്നാണ് കാണുന്നത്. അതുകൊണ്ട് പദ്ധതികളുടെ നടത്തിപ്പ് കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പു വരുത്താനും ആ തുക ബന്ധപ്പെട്ട ആൾക്കാർക്ക് ആനുകൂല്യം ലഭ്യമാക്കുന്നു എന്ന് ഉറപ്പു വരുത്താനും എന്തെങ്കിലും ക്രിയാത്മകമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:</u> തീർച്ചയായിട്ടും ഗവൺമെന്റ് തയ്യാറാകും. സാമ്പത്തിക പരാധീനത കൊണ്ടൊക്കെ എവിടെയെങ്കിലും പ്രോബ്ലംസ് വന്നിരിക്കാം. പക്ഷെ ഇപ്പോൾ വളരെ എഫിഷ്യന്റായിട്ട് ഇതിന്റെയൊക്കെ സാമ്പത്തിക സ്ഥിതി ഉറപ്പു വരുത്താൻ കഴിയും.

<u>ഡോ. കെ. സി. ജോസഫ്:</u> നടപടിക്രമങ്ങൾ പൂർത്തീകരിക്കാത്തതുകൊണ്ട് പുസ്തകങ്ങൾ വിതരണം ചെയ്തില്ല. അതുകൊണ്ടാണ്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:</u> പ്രത്യേകമായി പരിശോധിക്കും.

<u>ശ്രീ. ഇ. എം. അഗസ്തി:</u> നമ്മുടെ സെക്കണ്ടറിതലം വരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസമാണ് ഭരണഘടന

LIBRARY ARCHIVES Kerala Legislative Assembly

വിഭാവനം ചെയ്യുന്നത്. ബഹുമാനപ്പെട്ട മന്ത്രി എന്തൊക്കെ കാര്യങ്ങൾ പറഞ്ഞാലും ഡ്രോപ്പൗട്ടുകൾ കേരളത്തിലും സാധാരണമാണ്. ഈ സ്കൂളിൽ നിന്ന് പഠിത്തം മുടക്കി പോകുന്ന കുട്ടികളെ കണ്ടെത്തി അവരെ വിദ്യാഭ്യാസക്രമവുമായി ഏർപ്പെടുത്തുന്നതിനുള്ള ആൾട്ടർനേറ്റീവ് സംവിധാനം കേന്ദ്രാവിഷ്കൃത പദ്ധതിയുമായി നടപ്പിലാക്കുന്നുണ്ട് എന്നാണ് മന്ത്രി പറഞ്ഞത്. പക്ഷെ വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിൽപ്പെട്ട കാര്യമാണ്. കേന്ദ്രഗവൺമെന്റിനുള്ള ബാദ്ധ്യത പോലെതന്നെ സംസ്ഥാനഗവൺമെന്റിന് ഈ കാര്യത്തിൽ ബാദ്ധ്യതയുണ്ട് എന്ന യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് കുട്ടികളെ ഈ സ്കൂളുകളിൽ കൊണ്ടെത്തിക്കുന്നതിനോ അല്ലെങ്കിൽ ബദൽ വിദ്യാഭ്യാസക്രമം ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനോ സംസ്ഥാന ഗവൺമെന്റ് ബഡ്ജറ്റ് വിഹിതത്തിൽ ഒരു തുക മാറ്റി വയ്ക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഈ പ്രശ്നം ചർച്ച ചെയ്യുന്നതിന് നമുക്ക് വിഷമമില്ല. ധനകാര്യമന്ത്രി കൂടി കേട്ടുകൊണ്ടിരിക്കുകയല്ലേ?

ശ്രീ. എ. കെ. ബാലൻ: സർ, അമ്പത്തിമൂന്ന് വർഷം മുമ്പ് രൂപം കൊടുത്ത നമ്മുടെ ഭരണഘടനയിലെ നിർദ്ദേശക തത്വങ്ങൾ നമ്മുടെ ഈ കേരളത്തിൽപ്പോലും നമുക്ക് നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. ഒന്നാം തരത്തിൽ ചേരുന്ന നൂറ് വിദ്യാർത്ഥികളിൽ എസ്. എസ്. എൽ. സി.-ക്ക് എത്തുന്നത് എഴുപതാണ്. എസ്. എസ്. എൽ. സി. പാസ്സാകുന്നത് അമ്പത് ശതമാനം, മുപ്പത്തിയഞ്ച് പേരാണ്. ഇതിന്റെ അർത്ഥം നൂറ് വിദ്യാർത്ഥികളിൽ എസ്. എസ്. എൽ. സി. എന്നു പറയുന്ന കടമ്പ കടക്കുന്നത് മുപ്പത്തിയഞ്ചുപേർ, അറുപ്പത്തിയഞ്ചുപേരും ആ അർത്ഥത്തിൽ ഡ്രോപ്പൗട്ടാണ്. ഒരു സമൂഹത്തിലെ ഭൂരിപക്ഷം സോഷ്യൽ ജസ്റ്റീസ് കിട്ടാതെ, സാമൂഹ്യനീതി കിട്ടാതെ, ഇവിടെ വല്ലാത്ത രൂപത്തിൽ അപകടപ്പെടുകയാണ്. എസ്. എസ്. എൽ. സി. കടമ്പ കടക്കാത്ത അറുപത്തിയഞ്ചുപേർക്ക് സാമൂഹ്യനീതി ഉറപ്പു വരുത്തുന്നതിന് free and compulsory education എല്ലാ അർത്ഥത്തിലും ഒരു പൈസ പോലും എസ്. എസ്. എൽ. സി. വരെ ഫീസ് ഇനത്തിലോ മറ്റിനത്തിലോ വാങ്ങുകയില്ലായെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് ഇപ്പോൾ പ്രഖ്യാപിക്കുവാൻ പറ്റുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇപ്പോൾ എങ്ങനെയാണ് പ്രഖ്യാപിക്കുന്നത്? ഈ പ്രശ്നത്തിന്റെ ഗൗരവം ഗവൺമെന്റ് ഒട്ടും കുറച്ച് കാണുന്നില്ല. ദേശീയ അടിസ്ഥാനത്തിൽ തന്നെ പ്രഥമിക ഘട്ടം സൗജന്യമായി മൗലികമായി പാവപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസം കൊടുക്കണമെന്ന കൺസപ്റ്റ് നടപ്പിലാക്കി വരുമ്പോൾ ഈ രംഗത്ത് മുന്നോട്ടു പോയ ഒരു സ്റ്റേറ്റായ കേരളത്തിൽ നേരത്തെ പറഞ്ഞതുപോലുള്ള പ്രശ്നങ്ങളുണ്ട്. നിഷേധിക്കുന്നില്ല. അതുകൊണ്ട് efficient ആയി സൗജന്യ വിദ്യാഭ്യാസ രംഗത്ത് എന്തൊക്കെ കാര്യങ്ങൾ ചെയ്യണമെന്നുള്ളത് വിദ്യാഭ്യാസ വകുപ്പ് വളരെ കാര്യക്ഷമതയോടുകൂടി നോക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഡൊമനിക് പ്രസന്റേഷൻ: തീരപ്രദേശങ്ങളിൽ ഡ്രോപ്പൗട്ട് വളരെ കൂടുതലാണ്. അത് ഏറെ അനുഭവിക്കുന്നത് പെൺകുട്ടികളാണ്. അച്ഛനും അമ്മയും ജോലിക്ക് പോകുമ്പോൾ ഇളയ കുട്ടിയെ നോക്കേണ്ട ഉത്തരവാദിത്വം ഈ മൂത്ത പെൺകുട്ടിക്കാണ്. നിരവധി പെൺകുട്ടികൾക്ക് ഇങ്ങനെ വിദ്യാഭ്യാസം ഇടയ്ക്കുവെച്ച് നിറുത്തേണ്ടി വരുന്നു. അതുകൊണ്ട് നമ്മുടെ തീരപ്രദേശത്തെ ആളുകളുടെ ഇടയിലൊക്കെ ഈ ഡേ കെയർ സെന്ററുകൾ കൂടി തുടങ്ങാനും അങ്ങനെ ഈ മൂത്ത പെൺകുട്ടികളുടെ ഡ്രോപ്പൗട്ട് അവസാനിപ്പിക്കുവാനും ഗവൺമെൻറ് പോസിറ്റീവായി നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ ആലോചിക്കുകയും ചർച്ച ചെയ്യുകയും ചെയ്യാം.

ശ്രീ. രാജു എബ്രഹാം: മലയോര പ്രദേശങ്ങളിലും ആദിവാസി മേഖലകളിലും പിന്നോക്ക പ്രദേശങ്ങളിലുമൊക്കെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനെത്താനുള്ള ധാരാളം ബുദ്ധിമുട്ടുകളുണ്ട്. അവർക്ക് പകർച്ചപ്പനി വന്നതിനുശേഷം പല സ്കൂളുകളിലും ഇപ്പോൾ കുട്ടികളില്ല. ഡോക്ടർമാരുടെ സഹായമില്ല. അവർക്ക് സ്റ്റൈപ്പൻഡ് കിട്ടിയിട്ട് നാളുകൾ ഏറെയായി. എസ്. എസ്. എ. -യിൽ ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന പൈസ വലിയ ഒരു ശതമാനം പോസ്റ്റർ അടിക്കുന്നതിന് വേണ്ടിയാണ് വിനിയോഗിച്ചു കൊണ്ടിരിക്കുന്നത്. മലയോര മേഖലകളിലെ അദ്ധ്യാപകർക്ക് താമസിക്കുവാൻ വേണ്ട ക്വാർട്ടേഴ്സ് നൽകണം. Quality of education വർദ്ധിപ്പിക്കണം. അങ്ങനെയുള്ള ശാസ്ത്രീയമായ മാർഗ്ഗങ്ങൾ അവംലംബിച്ചുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണാനും ഈ ഡ്രോപ്പൗട്ട് ഇല്ലാതാക്കാനും ശ്രമിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: പ്രാഥമിക ഘട്ടത്തിൽ വരുന്ന ഡ്രോപ്പൗട്ട്, കുട്ടിത്തൊഴിലാളികൾ, ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് പലതും ചോദ്യങ്ങളല്ല, പലതും നിർദ്ദേശങ്ങളാണ്. ആ നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശങ്ങൾ എന്ന നിലയിൽത്തന്നെ ഗവൺമെന്റ് എടുക്കുന്നതാണ്, രണ്ടായിരത്തിലേറെ കോടി രൂപ ചെലവഴിച്ച് എഡ്യൂക്കേഷന്റെ വലിയ ശതമാനം പ്രാഥമിക ഘട്ടത്തിനുവേണ്ടിയാണ് നമ്മൾ ചെലവഴിക്കുന്നത്.

ശ്രീമതി രാധാ രാഘവൻ: വയനാട് ജില്ലയിൽ എസ്. എസ്. എ. പദ്ധതി പ്രകാരം ജോലി ചെയ്യുന്ന ഉദ്യോഗാർത്ഥികൾ ട്രെയിനിംഗിന് പോകുന്ന സമയത്ത് കുട്ടികളെ പഠിപ്പിക്കുവാൻ അദ്ധ്യാപകൻമാരില്ലാത്ത സാഹചര്യം ഉണ്ടായിരിക്കുകയാണ്. അതിനു പകരമായിട്ട് അദ്ധ്യാപകരെ നിയമിക്കേണ്ട സാഹചര്യം ഉണ്ടായിരിക്കുകയാണ്. അതുകൊണ്ട് അവർക്കു പകരമായി അദ്ധ്യാപകരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അത് പ്രത്യേകമായി എഴുതിത്തന്നാൽ ആലോചിച്ചു പറയാം.